തൃക്കുളം വാട്ടർഷെഡ് വികസന പദ്ധതി

45 (270) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ തൃക്കുളം വാട്ടർഷെഡ് വികസന പദ്ധതിയുടെ പുരോഗതിക്കായുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിലേക്ക് എന്ന് സമർപ്പിച്ചുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി സാസ്ഥാന സർക്കാർ എന്തൊക്കെ തുടർ നടപടികൾ കൈക്കൊണ്ടു ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തൃക്കുളം വാട്ടർഷെഡിന്റെ സമഗ്രവികസന പദ്ധതിക്കായി എത്രകോടി രൂപയുടെ എസ്റ്റിമേറ്റാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ; ഇനം തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13-12-1999-ൽ

(ബി) ഈ പ്രോജക്ടിന് അനുമതി നൽകേണ്ടതും പണം അനുവദിക്കേണ്ടതും കേന്ദ്ര സർക്കാരാണ്. പ്രോജക്ടിന് അനുമതി നൽകണമെന്ന് ഒന്നിൽ കൂടുതൽ തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് കൊണ്ട് സംസ്ഥാന സർക്കാരിൽ നിന്നും കത്ത് അയച്ചിട്ടുണ്ട്.

(സി) ആകെ 1399.06 ലക്ഷം രൂപ (13.99 കോടി രൂപ) എസ്റ്റിമേറ്റ് വരുന്ന പ്രോജക്ട് നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

1.	ഭൂജലവകുപ്പ്	-	7 ലക്ഷം രൂപ
2.	മൈനർ ഇറിഗേഷൻ വകുപ്പ്	-	71 ലക്ഷം രൂപ
3.	മണ്ണു സംരക്ഷണ വകുപ്പ്	-	1135.55 ലക്ഷം രൂപ
4.	വിദ്യാഭ്യാസ വകുപ്പ്	-	116.505 ലക്ഷം രൂപ
	ആകെ		1399.0600 ലക്ഷം രൂപ

ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറിന്റെ പ്രവർത്തനം

46 (271) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ വഞ്ചിപുരത്താഴം ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ പ്രവർത്തിക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡിന് അടയ്ക്കേണ്ട ചാർജ്ജ് അടച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇറിഗേഷന്റെ മോട്ടോർ പൂർണ്ണമായി എന്നുമുതൽ പ്രവർത്തനക്ഷമം ആകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെയുള്ള 3 മോട്ടോറുകളിൽ 2 എണ്ണം പ്രവർത്തിച്ചിരുന്നില്ലാ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിന് അടയ്ക്കേണ്ട സംഖ്യ അടയ്ക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) ഇപ്പോൾ ഈ പദ്ധതിയുടെ മോട്ടോറുകളിൽ ഒരെണ്ണം റിപ്പയർ ചെയ്തിട്ടുണ്ട്. രണ്ടാമത്തേത് പ്രവർത്തനക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഷ്ടമിച്ചിറ പുത്തൻ ലിഫ്റ്റ് ഇറിഗേഷൻ

47 (272) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന അഷ്ടമിച്ചിറ പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം ഏതു ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം പൂർത്തീകരിക്കാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഇറിഗേഷൻ എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാള നിയോജകമണ്ഡലത്തിൽപ്പെട്ട അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ സിവിൽ പണികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്കീമിനുവേണ്ട പമ്പ്, മോട്ടോർ എന്നിവയ്ക്കുള്ള ടെൻഡർ-ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ പണികൾ ഭാഗീകമായി നടത്തിയിട്ടുണ്ട്. പുത്തൻചിറ, അഷ്ടമിച്ചിറ, ചമ്പാളൂർ എന്നീ പദ്ധതികൾക്കെല്ലാം കൂടി പൊതുവായ ഒരു പമ്പ് ഹൗസ് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ആവശ്യമായ സ്ഥലം ലഭിക്കുവാൻ റവന്യൂവകുപ്പിൽ പണം അടച്ചിട്ടുണ്ട്. അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തതാണ്.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികളുടെ ബാക്കി ജോലികൾ പൂർത്തീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly